**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.276 | 3/4/2013 - ൽ മറുപടിയ്ക്ക്

# കുരുമുളകിന്റെ വിലയിടിവിനുള്ള കാരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം<br>'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>'' സി. കൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കുരുമുളകിന്റെ വിലയിൽ ഇടിവു ണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2013 ഫെബ്രുവരിയിൽ ഒരു കിലോ കുരുമുളകിന്റെ വില 370 രൂപയായിരുന്നത് മാർച്ചിൽ 342 രൂപയായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | വിലയിടിവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധി ച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) & (സി) | വരൾച്ച, വർദ്ധിച്ച ഉല്പാദച്ചെലവ് എന്നിവ സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പന്ന വിലക്കുറവിന് കാരണമായിട്ടുണ്ട്. കൂടാതെ കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കുരുമുളക് കൊണ്ട് വരുന്നതും, കേരളത്തിലെ മൂല്യ വർദ്ധിത നികുതി 5% ആയതിനാൽ ഒരു വിഭാഗം കർഷകർ അന്യ സംസ്ഥാന ങ്ങളിലേയ്ക്ക് കുരമുളക് കൊണ്ടു പോയി കച്ചവടം നടത്തുന്നതും, വിലയിടിവിന് കാരണമായിട്ടുണ്ട്. |
| (സി) | കുരുമുളകിൻമേലുള്ള സംസ്ഥാനത്തെ നികുതി ഘടന അതിന്റെ വിലയി ടിവിന് കാരണമായിട്ടുണ്ടോ ; എങ്കിൽ ആവശ്യമായ പരിഷ്കാരം വരുത്താൻ തയ്യാറാകുമോ; | | |
| (ഡി) | വിലയിടിവ് തുടരുന്ന പക്ഷം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയി ക്കാമോ? | (ഡി) | നാണ്യവിളകളായ കുരമുളക്, കൊക്കോ, കാപ്പി, അടയ്ക്കാ, ഇഞ്ചി, വാനില, ഏലം എന്നിവയ്ക്കുണ്ടാകുന്ന വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**